എസ്. എസ്. എൽ. സി. ചോദ്യപേപ്പർ ചോർന്ന് കിട്ടിയ വിദ്യാർത്ഥികളുടെ എണ്ണം

92 [2404] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എൽ. സി. പരീക്ഷയുടെ ചോദ്യപേപ്പർ ചോർച്ച കാരണം വീണ്ടും പരീക്ഷ നടത്തുന്നതിനായി എന്തു തുക അധികച്ചെലവ് വന്നു എന്ന് വെളിപ്പെടുത്തുമോ;

(ബി) എത്ര വിദ്യാർത്ഥികൾക്ക് ചോദ്യപേപ്പർ ചോർന്ന് കിട്ടി എന്നും അവർ ആരെല്ലാമാണെന്നും ഇവരിൽ ആർക്കെല്ലാം എ+ ഗ്രേഡ് ലഭിച്ചു എന്നും വെളിപ്പെടുത്തുമോ;

(സി) ചോദ്യപേപ്പർ ലഭിച്ചു എന്ന് പോലീസ് കണ്ടെത്തിയ ഏതെങ്കിലും വിദ്യാർത്ഥികളുടെ പരീക്ഷാഫലം തടഞ്ഞുവയ്ക്കുകയോ ഏതെങ്കിലും വിദ്യാർത്ഥികൾക്ക് അയോഗ്യത കല്പിക്കുകയോ ചെയ്തുകയുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ചോദ്യപേപ്പർ അച്ചടി കരാർ കഴിഞ്ഞ 4 വർഷമായി ആർക്കാണ് നൽകിയിരുന്നതെന്നും ഈ കരാറിൽ ഒപ്പിട്ടതാരാണെന്നും കഴിഞ്ഞ ഓരോ വർഷവും ഇതിന്റെ പേരിൽ കരാറുകാരന് എന്ത് തുക വീതം നൽകി എന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) ചോദ്യപേപ്പർ പ്രിന്റിംഗ് ഉൾപ്പെടെ 60 ലക്ഷത്തോളം രൂപ വീണ്ടും പരീക്ഷ നടത്തുന്നതിന് അധികം ചെലവായിട്ടുണ്ട്.

(ബി, സി) ചോദ്യപേപ്പർ ചോർച്ചയെ സംബന്ധിച്ച് പോലീസ് തലത്തിൽ അന്വേഷണം നടന്നുവരുന്നു. അന്വേഷണ ഏജൻസിയുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ഡി) 2002, 2003, 2004, 2005 വർഷങ്ങളിലെ എസ്.എസ്.എൽ.സി. പരീക്ഷയുടെ ചോദ്യപേപ്പർ പ്രിന്റ് ചെയ്യുന്നതിനുള്ള കരാർ ശ്രീ. മണി, നം. 9, ഫോർത്ത് ലയിൻ, നുങ്കംപക്കം, ഹൈറോഡ്, ചെന്നൈ എന്നയാളിനാണ് നൽകിയിരുന്നത്. കരാറുകാരനുവേണ്ടി അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം പാർട്ട്നർ ആയ ശ്രീ. രാജൻ വി. ചാക്കോ എന്നയാളാണ് കരാറിൽ ഒപ്പിട്ടിട്ടുള്ളത്. 2002, 2003, 2004 വർഷങ്ങളിൽ എസ്. എസ്. എൽ. സി. ചോദ്യപേപ്പർ പ്രിന്റ് ചെയ്ത വകയിൽ കരാറുകാരന് 64 ലക്ഷം രൂപ വീതം നൽകിയിട്ടുണ്ട്. 2005 മാർച്ചിലെ എസ്. എസ്. എൽ. സി. ചോദ്യപേപ്പർ ചോർച്ചയെ സംബന്ധിച്ച് അന്വേഷണം നടന്നുവരുന്നതിനാൽ 2005-ൽ എസ്. എസ്. എൽ. സി. ചോദ്യപേപ്പർ പ്രിന്റ് ചെയ്ത വകയിൽ നൽകുവാനുള്ള തുക നൽകിയിട്ടില്ല.

10-ാം ക്ലാസ്സിലേക്ക് ക്ലാസ് കയറാം നൽകുന്നതിന് സ്വീകരിച്ചിരുന്ന മാനദണ്ഡങ്ങൾ

93 [2406] ശ്രീ. ഇ എം. അഗസ്തി:
,, ജോർജ് ജെ. മാത്യു:
,, പി. ജെ. ജോയി:
,, കെ. സുധാകരൻ:
,, ജി. കാർത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly